പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 160 — 07.03.2017 -ൽ മറുപടിക്ക്.

## ഹോട്ടൽ ഭക്ഷണത്തിന്റെ വിലനിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവിന്റെ മറവിൽ ഹോട്ടലുകൾ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അമിത വില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) അമിത വില ഈടാക്കുന്ന ഹോട്ടലുകളിൽ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്ക വിധത്തിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of prices by catering establishment) order, 1980 ലെ Kerala essential commodities (maintenance of account and display of price and stock) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) അമിത വില ഈടാക്കുന്നത് തടയു വാൻ ഹോട്ടൽ വില ഏകീകരണ ത്തിനായി നിയമനിർമ്മാണം നടത്തു വാൻ നടപടി സ്വീകരിക്കുമോ ? | (സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയള വിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാ ത്തതിനാൽ ലാപ്സായിരുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊ ള്ളുന്ന കാര്യം പരിഗണി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ